## 1022

*രീതി : പുത്തനാമെരൂശലേമിൽ*

1 നമ്മിൽ വെളിപ്പെടുന്നോരു തേജസ്സു നിനക്കുകിൽ
മന്നിതിൽ കഷ്ടങ്ങളവ സാരമില്ലല്ലോ
സർവ്വസൃഷ്ടികളും വിടുതൽ പ്രാപിപ്പാൻ
ആവലോടിന്നിതാ ഞരങ്ങിടുന്നിതാ
ദൈവപുത്രൻ വരവിന്നായ് കാത്തിടുന്നു നിത്യവും
പ്രത്യാശയാൽ അക്കരെ നാം എത്തുവോളവും-

2 നിർണ്ണയപ്രകാരം വിളി കേട്ടിടുന്നോർക്കേവർക്കും
ദൈവസ്നേഹം ഉള്ളിൽ നിറഞ്ഞിടുന്നവർക്കും
സർവ്വവും നന്മക്കായ് ഭവിച്ചിടുന്നവ
തിന്മക്കായ് യാതൊന്നും ആയവതീരുമോ
ക്രിസ്തുവിൻ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ
യാതൊരു സൃഷ്ടിക്കും മേലാൽ സാധ്യമല്ലല്ലോ-

3 രാജ്യം രാജ്യത്തോടും ഇതാ ജാതി ജാതികളോടും
പോർവിളികൾ നടത്തുന്നു അനുദിനവും
ഭൂകമ്പങ്ങളിതാ കൺമുമ്പിൽ കാണുന്നു
ക്ഷാമവും വ്യാധിയും മന്നിൽ പെരുകുന്നു
പ്രാണനാഥൻ കാലൊച്ച നാം കാതുകളിൽ കേൾക്കുന്നു
ഒരുങ്ങുക മണവാളൻ വരവിന്നായി-

4 നമ്മുടെ പൗരത്വമത് സ്വർഗ്ഗീയമതാകയാൽ
സ്വർഗ്ഗസീയോൻ യാത്രയ്ക്കായി ഒരുങ്ങിടുക
ദ്രവത്വമുള്ളതാം ഈ മൺശരീരമോ
രൂപാന്തരപ്പെടും തേജസ്സിൽ പൂർണ്ണമായ്
കർത്തൃകാഹളം ധ്വനിക്കും ചേർന്നിടും വിശുദ്ധരും
വാണിടും നാം പ്രിയനോടു കൂടെ നിത്യവും- T.V.S.